# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6716** **12.07.2012 ൽ മറുപടിയ്ക്ക്**

### വനം വകുപ്പിലെ ഉദ്യോഗക്കയറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്ത് | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിൻെറ ഭേദഗതി ചെയ്ത സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ഭേദഗതി സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചതിനു ശേഷം റാങ്ക് പ്രമോഷൻ വഴി ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ടോ; | (ബി) ബഹു. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ റാങ്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| (സി) വനം വകുപ്പിൽ ഏറ്റവും ഒടുവിൽ റാങ്ക് പ്രമോഷൻ നടത്തിയത് എന്നാണെന്ന വിവരം വെളിപ്പെടുത്തുമോ; | (സി) വനം വകുപ്പിൽ അവസാനമായി റാങ്ക് പ്രൊമോഷൻ വഴി റെയിഞ്ച് ഓഫീസറായി ഉദ്യോഗകയറ്റം നൽകിയത് 29.10.2011ലാണ്. |
| (ഡി) ഫോറസ്റ്റ് ഗാർഡ്ട്രെയിനിംഗിൽ ഒന്നാം റാങ്ക് ലഭിച്ച ഫോറസ്റ്ററെ വീണ്ടും ട്രെയിനിംഗിനയച്ച് പ്രമോഷൻ നൽകി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ആക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൻെറ കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (ഡി) ഫോറസ്റ്റ് ഗാർഡ് ട്രെയിനിംഗിൽ ഒന്നാം റാങ്ക് നേടുന്നവരെ ഫോറസ്റ്റർ ട്രെയിനിംഗിന് നിയോഗിക്കുന്നതിന് 1962-ലെ സ്പെഷ്യൽ റൂൾസ് പ്രകാരം വിലക്കൊന്നുമില്ല. ഫോറസ്റ്റ് ഗാർഡ് ട്രെയിനിംഗും ഫോറസ്റ്റർ ട്രെയിനിംഗും വ്യത്യസ്തതയുള്ള ട്രെയിനിംഗുകളാണ്. ഫോറസ്റ്റ് ഗാർഡ് ട്രെയിനിംഗ്, ഫോറസ്റ്റ് ഗാർഡ് തസ്തികയിലും ഫോറസ്റ്റർ ട്രെയിനിംഗ്, ഫോറസ്റ്റർ തസ്തികയിലും ജോലി ചെയ്യുന്നവരെ ഉദ്ദേശിച്ചുള്ളതാണ്. ഫോറസ്റ്റ് ഗാർഡ് ട്രെയിനിംഗിൽ ഒന്നാം റാങ്ക് ലഭിച്ചയാളെ വീണ്ടും അതേ ട്രെയിനിംഗിന് അയച്ച് പ്രൊമോഷൻ നൽകി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| **(ഇ)** ട്രയിനിംഗിൽ ഏതെങ്കിലും വിഭാഗത്തിൽ പരാജയപ്പെട്ട ആൾക്ക് വീണ്ടും ടെസ്റ്റ് നടത്തി റാങ്ക് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ രീതിയിൽ റാങ്ക് നൽകുന്നത് നിയമപരമായി നിലനിൽക്കുമോ എന്നു വ്യക്തമാക്കാമോ; | **(ഇ)** ഫോറസ്റ്റർ ട്രെയിനിംഗിന്റെ ഭാഗമായി വിവിധ ട്രെയിനിംഗുകൾ നടത്തുന്നുണ്ട്. എല്ലാത്തരം ട്രെയിനിംഗിന്റെയും മൊത്തത്തിലുള്ള വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് നിശ്ചയിക്കുന്നത്. ഏതെങ്കിലും ഒരു ട്രെയിനിംഗ് ഒരു പ്രത്യേക സാഹചര്യത്തിൽ പൂർത്തിയാക്കി വിജയിക്കാൻ കഴിയാത്ത ജീവനക്കാരന് വീണ്ടും ട്രെയിനിംഗ് നൽകി വരുന്നുണ്ട്. അപ്രകാരമുള്ള വരെ റാങ്ക് നൽകുന്നതിനായി പരിഗണിക്കുന്നത് നിയമപരമായ നടപടിക്രമങ്ങളിലൂടെയാണ് |
| **(എഫ്)** ഗസറ്റഡ് തസ്തികയിൽ റാങ്ക് പ്രൊമോഷന് അർഹതയുണ്ടോ; വ്യക്തമാക്കുമോ ? | **(എഫ്)** നിലവിലുള്ള ചട്ടപ്രകാരം ഗസറ്റഡ് തസ്തികയിൽ റാങ്ക് പ്രൊമോഷന് അർഹതയില്ല. |

**സെക്ഷൻ ഓഫീസർ**